"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - LID&EW - ജീവനക്കാര്യം - ശ്രീമതി പ്രിയ.എ.-യുടെ (പെൻ-675639) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് - ഉത്തരവു പുറപെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1719/2026/LSGD തീയതി,തിരുവനന്തപുരം, 11-09-2026

---

പരാമർശം:-
1. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ഡയറക്ടർ (DE)-യുടെ 21.08.2026-ലെ LSGD/PD/24360/2026-DEH5 നമ്പർ നടപടിക്രമം.
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.08.2026 തീയതി കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി പ്രിയ.എ.-യുടെ (പെൻ-675639) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. ശ്രീമതി പ്രിയ.എ., 13.01.2021 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചെന്നും; നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും, ടിയാൾ പാസ്സായിട്ടുള്ള നിർബന്ധിത വകുപ്പുതല പരീക്ഷ ഉൾപ്പെടുന്ന ശ്രേണിയിലെ അവസാന പരീക്ഷ നടന്നിട്ടുള്ളത് 19.05.2025-ലാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പ്രൊബേഷന് പരിഗണിക്കാത്ത 19 ദിവസത്തെ അവധി, നിരീക്ഷണകാലയളവിൽ ടിയാൾ ഉപയോഗപ്പെടുത്തിയതിനാൽ, ടിയാളുടെ നിരീക്ഷണകാലയളവ്, 01.02.2023 മുതൽ 31.01.2024 വരെ ഒരു വർഷക്കാലയളവിലേയ്ക്കു പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ടിയാളുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2)

പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി പ്രിയ.എ.-യുടെ (പെൻ-675639) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം 20.05.2025 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 01.02.2024 മുതൽ 21.05.2025 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DIPUKUMAR S L**

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി പ്രിയ.എ. (പെൻ-675639), അസിസ്റ്റന്റ് എഞ്ചിനീയർ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/250/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 11-09-2026
13:51:41

സെക്ഷൻ ഓഫീസർ